Malayala Manorama
മലയാള മനോരമ

# അന്താരാഷ്ട്ര മ്യൂസിയം ദിനം ആഘോഷിച്ചു



▶ റോട്ടറി ക്ലബ്ബ് ഓഫ് കോയമ്പത്തൂർ സിറ്റി ഏർപ്പെടുത്തിയ റോട്ടറി എക്സലൻസ് അവാർഡ് ഗാസ് വനം മ്യൂസിയത്തിനുവേണ്ടി ഐ.എഫ്.ജി.ടി.ബി. ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ ഏറ്റുവാങ്ങുന്നു

**കോയമ്പത്തൂർ ▸** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സിൽ പ്രവർത്തിക്കുന്ന ഗാസ് വനം മ്യൂസിയത്തിൽ അന്താരാഷ്ട്ര മ്യൂസിയം ദിനം ആഘോഷിച്ചു. റോട്ടറി ക്ലബ്ബ് ഓഫ് കോയമ്പത്തൂർ ഇൻഡസ്ട്രിയൽ സിറ്റിയുടെ എക്സലൻസി അവാർഡ് വനം മ്യൂസിയത്തിന് സമ്മാനിച്ചു. സമൂഹത്തിന് നൽകുന്ന മികച്ച പ്രവർത്തനം പരിഗണിച്ചാണ് അവാർഡ്.

മ്യൂസിയത്തിൽ നടന്ന ചടങ്ങിൽ റോട്ടറി ക്ലബ്ബ് ഭാരവാഹി സുന്ദരവടിവേലുവിൽനിന്ന് ഐ.എഫ്.ജി.ടി.ബി. ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ അവാർഡ് ഏറ്റുവാങ്ങി. ഡോ. എസ്. ശരവണൻ, പി. ചന്ദ്രശേഖരൻ, ചാർട്ടർ പ്രസിഡന്റ് പ്രഭുശങ്കർ, സന്തോഷ് കുമാർ, ഡെപ്യൂട്ടി കൺസർവേറ്റർ മാധവരാജ് എന്നിവർ സംസാരിച്ചു.

വനം മ്യൂസിയത്തിൽ എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ ഒമ്പത് മുതൽ 5.30 വരെ പൊതുജനങ്ങൾക്ക് പ്രവേശനമുണ്ടാകും.

25. News in Malayala Manorama, Palakkad, 20.05.2022, Gass Forest Museum receives excellence award.